(സി) നിയമവിധേയമല്ലാത്ത ഓൺലൈൻ ലോട്ടറികളുടെയും അന്യസംസ്ഥാന ലോട്ടറികളുടെയും വില്പന നിയന്ത്രിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. കേരള സംസ്ഥാന ഭാഗ്യക്കുറികളുടെ സമ്മാനഘടന കാലോചിതമായി പരിഷ്കരിക്കുകയും പുതുക്കിയ സമ്മാനഘടനയോടെ ചൈതന്യ എന്ന ലോട്ടറി പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള ഭാഗ്യക്കുറികളുടെ അച്ചടി വർദ്ധിപ്പിച്ചിട്ടുണ്ട്.

ഓൺലൈൻ ലോട്ടറി സംബന്ധിച്ച ഹൈക്കോടതി വിധി

31 [1038] ശ്രീ. വി. കെ. ചന്ദ്രൻ

,, വി. കെ. സി. മമ്മത് കോയ:

,, എം. വി. ജയരാജൻ:

,, എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ ലോട്ടറികളും അന്യസംസ്ഥാനങ്ങളിലെ കടലാസ് ലോട്ടറികളും സംസ്ഥാനത്ത് വിതരണം ചെയ്യാമെന്ന ബഹു. ഹൈക്കോടതി വിധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിധിക്കെതിരെ സർക്കാർ അപ്പീൽ നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ലോട്ടറി കേസിൽ സർക്കാർ നിലപാടിനെതിരെ വിധിയുണ്ടാകാൻ കാരണം അഡീഷണൽ അഡ്വക്കേറ്റ് ജനറലും സ്വകാര്യ ലോട്ടറി കമ്പനിക്കാരുമാണെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇപ്രകാരം സ്വകാര്യ കമ്പനികളുടെ താൽപര്യത്തിനായി നിന്ന അഡീഷണൽ അഡ്വക്കേറ്റ് ജനറലിനെ തൽസ്ഥാനത്ത് നിന്ന് നീക്കം ചെയ്യുന്ന കാര്യം പരിഗണിക്കുമോ;

(ഇ) അഡീഷണൽ അഡ്വക്കേറ്റ് ജനറൽ ഫലപ്രദമായി കേസ് കൈകാര്യം ചെയ്യാത്തതു കൊണ്ടാണ് കോടതിയിൽ നിന്നും ഇത്തരം ഒരു വിധിയുണ്ടായതെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ഉത്തരം

(എ) ഉണ്ട്. ബഹു. ഹൈക്കോടതിയുടെ താൽക്കാലിക ഉത്തരവിലൂടെ അന്യസംസ്ഥാന ഓൺലൈൻ ലോട്ടറി ടിക്കറ്റുകൾ പിടിച്ചെടുക്കുന്നതും വില്പന തടസ്സപ്പെടുത്തുന്നതും താൽക്കാലികമായി തടഞ്ഞിട്ടുണ്ട്.

(ബി) അന്തിമവിധിക്കുശേഷം ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

(സി) ഇല്ല.

(ഡി) ബാധകമല്ല.

(ഇ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly